(ബി) ഉണ്ട്. കോർപ്പറേഷൻ, മുൻസിപ്പൽ പ്രദേശങ്ങളിലെ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ പൊതുജനാരോഗ്യ പ്രവർത്തനങ്ങളെ സംബന്ധിച്ച ബോധവൽക്കരണ ക്ലാസുകൾ നടന്നുവരുന്നു.

ആരോഗ്യ ബോധവൽക്കരണത്തിന്റെ ഭാഗമായി രോഗപ്രതിരോധത്തിന്റെ ആവശ്യകത കാണിച്ചുകൊണ്ടുള്ള നോട്ടീസുകൾ പ്രിന്റ് ചെയ്ത് നഗരത്തിന്റെ എല്ലാ ഭാഗങ്ങളിലും, സ്കൂളുകളിലും, പൊതുസ്ഥലങ്ങളിലും കേന്ദ്രീകരിച്ച് വിതരണം ചെയ്യുന്നു. നഗര ശുചീകരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി യോഗങ്ങൾ വിളിച്ചുകൂട്ടി പൊതുജനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും, എലിപ്പനി, ഡങ്കിപ്പനി, മലേറിയ തുടങ്ങിയ പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിന് ഈ രോഗങ്ങളെകുറിച്ചും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നു.

പ്ലാസ്റ്റിക് നിർമ്മാർജ്ജനത്തിന്റെ ഭാഗമായി പൊതുജനങ്ങളിൽ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ ബോധവൽക്കരണം നൽകുന്നതിന് റസിഡൻഷ്യൽ അസോസിയേഷൻ, വ്യാപാരി സംഘടന, ഹോട്ടൽ, റസ്റ്റോറന്റ് അസോസിയേഷൻ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് സെമിനാറുകൾ നടത്തുന്നു.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ വിവിധ ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിന് നടപടി

100 (3855) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനം പകർച്ചവ്യാധിയുടെ പിടിയിലകപ്പെട്ട ഈ അവസരത്തിൽ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടതായ ഹെൽത്ത് സൂപ്പർവൈസർ, ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എന്നീ തസ്തികകളിൽ അടിയന്തിരമായി നിയമനം നടത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ;

(ബി) ഈ തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് എന്നുള്ള വിവരം ഇനം തിരിച്ച് വിശദമാക്കാമോ ?

ഉത്തരം

(എ) ഒഴിഞ്ഞുകിടക്കുന്ന ഹെൽത്ത് സൂപ്പർവൈസർ, ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകൾ പ്രമോഷൻ വഴി നികത്തുവാൻ വേണ്ട നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റ് പൂർത്തീകരിക്കാത്തതിനാലാണ് ഒന്നാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായി പ്രമോഷൻ നൽകാൻ കഴിയാത്തത്. അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ദേശീയ കുഷ്ഠരോഗ നിവാരണ പദ്ധതിയിലെ ജീവനക്കാരെ പൊതുജനാരോഗ്യ പരിപാടിയിലേക്ക് സംയോജിപ്പിക്കേണ്ടതിനാൽ രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ നിലവിലുള്ള എല്ലാ ഒഴിവുകളും നികത്താൻ സാധിക്കില്ല. എന്നാൽ പി.എസ്.സി.യിൽ നിന്ന് അഡ്വൈസ് ചെയ്യപ്പെട്ട എല്ലാ ഉദ്യോഗാർത്ഥികൾക്കും നിയമനം നൽകാൻ നിർദ്ദേശിച്ചിട്ടുണ്ട്. പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾക്കായി ലെപ്രസി ജീവനക്കാരുടെ സേവനം ലഭ്യമാക്കുവാൻ എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി)	ഹെൽത്ത് സൂപ്പർവൈസർ	38
	ഹെൽത്ത് ഇൻസ്പെക്ടർ	22
	1-ാം ഗ്രേഡ് ജൂനിയൽ ഹെൽത്ത് ഇൻസ്പെക്ടർ	321
	2-ാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ	381.

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ നിയമനം നടത്താൻ നടപടി

101 (3857) ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ എത്ര ഒഴിവുകൾ ആണുള്ളത് ;

(ബി) ഗ്രേഡ്-1ഷ ഗ്രേഡ്-2 വിഭാഗങ്ങളിൽ ഓരോന്നിലും എത്ര ഒഴിവുകൾ വീതം ഉണ്ട് ;

(സി) നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി)	ഒന്നാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുടെ ഒഴിവുകൾ	58 എണ്ണം
	രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുടെ ഒഴിവുകൾ	2 എണ്ണം
	ആകെ ഒഴിവുകൾ	60 എണ്ണം

(സി) ഇല്ല.

(ഡി) ദേശീയ കുഷ്ഠരോഗ നിവാരണ പദ്ധതിയിലെ ജീവനക്കാരെ പൊതുജനാരോഗ്യ പരിപാടിയിലേയ്ക്ക് സംയോജിപ്പിക്കേണ്ടതായിട്ടുള്ളതിനാൽ രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാൻ തൽക്കാലം നിർവാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly